# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6477 — 01.11.2011-ൽ മറുപടിക്ക്

## ശിശുമരണനിരക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ശിശുമരണനിരക്ക് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശിശുമരണനിരക്കിൽ പ്രത്യേക വർധനയുണ്ടായിട്ടില്ല. കേരളത്തിൽ കഴിഞ്ഞ 3 വർഷമായി ശിശുമരണനിരക്ക് 12 ആയി തുടരുന്നു. |
| (ബി) | കഴിഞ്ഞ അഞ്ചുമാസത്തിനുള്ളിൽ നാളിതു വരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട നവജാത ശിശുമരണങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ; | (ബി) | 1135 നവജാതശിശുമരണങ്ങളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (സി) | നവജാത ശിശുമരണങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (സി) | മാതൃശിശു ആരോഗ്യപ്രവർത്തനത്തിന്റെ ഭാഗമായി ചിട്ടയായുള്ള ഗർഭകാലപരിരക്ഷയും കൃത്യമായ ഇടവേളകളിലുള്ള ചെക്കപ്പും നടന്നുവരുന്നു. അയൺഫോളിക് ആസിഡ് ഗുളികകളുടെ വിതരണം, ടെറ്റനസ് കുത്തിവെയ്പ്പ് എന്നീ സേവനങ്ങളും ഗർഭകാലത്ത് പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അറിവും ഓരോ ഗർഭിണിക്കും സബ്സെന്റർതലം മുതൽ ലഭിക്കുന്നു. അപകടസാധ്യതയുള്ള ഗർഭിണികളെ നേരത്തെ കണ്ടെത്തി മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നു. നിലവിലുള്ള നവജാത ശിശുപരിചരണത്തിനുപുറമേ പ്രസവം നടക്കുന്ന ആശുപത്രികളിൽ മാസം തികയാതെ പ്രസവിക്കുന്ന കുട്ടികൾക്കും, തൂക്കക്കുറവുള്ള കുട്ടികൾക്കും സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ് (എസ്.എൻ.സി.യു) പ്രവർത്തിക്കുന്നുണ്ട്. സംയോജിത ശിശുരോഗ നിർണ്ണയ പരിചരണ പദ്ധതി (ഐ.എം.എൻ.സി.ഐ), ഐ.വൈ.സി.എൻ ഇൻഫന്റ് യംഗ് ചൈൽഡ് ന്യൂട്രീഷൻ എന്നിവയെല്ലാം നവജാതശിശുക്കളുടെ രോഗാതുരത തടയാൻ ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതികളാണ്. പ്രതിരോധ വാക്സിനുകളായ ഹെപ്പറ്റൈറ്റിസ് സീറോ ഡോസ്, പോളിയോ സീറോ ഡോസ്, ബാലക്ഷയത്തിനെതിരെയുള്ള ബി.സി.ജി കുത്തിവെയ്പ്പ് എന്നിവ ഈ ദിവസങ്ങളിൽ നൽകുന്നുണ്ട്. നവജാത ശിശുപരിചരണവുമായി ബന്ധപ്പെട്ട് ശിശുരോഗ വിദഗ്ധൻമാർ, സ്റ്റാഫ് നേഴ്സുമാർ എന്നിവർക്ക് ആവശ്യമായ പരിശീലനം കാലാകാലങ്ങളിൽ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ